15 (159) **പുതിയതായി ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ മജീദ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പ് അദ്ധ്യയനവർഷം പുതുതായി ഏതെല്ലാം തരത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഓരോ സ്ഥാപനങ്ങളും എന്നേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) സർക്കാർ മേഖലയിൽ 5 പോളിടെക്നിക്കൽ 1999-2000 അദ്ധ്യയനവർഷം ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ മേഖലയിൽ 4 എഞ്ചിനീയറിംഗ് കോളേജുകളും ഐ.എച്ച് ആർ.ഡി.യുടെ കീഴിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലും സഹകരണ മേഖലയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണനയിലുണ്ട്.

(സി) 1999-2000 അദ്ധ്യയനവർഷം തന്നെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

16 (160) **ഉയർന്ന വിജയശതമാനം നേടുന്ന വിദ്യാലയങ്ങൾക്ക് പ്രോത്സാഹനങ്ങൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും ഉയർന്ന വിജയശതമാനം നേടിയിട്ടുള്ള സർക്കാർ വിദ്യാലയങ്ങൾ ഏതൊക്കെയാണ്;

(ബി) നൂറു ശതമാനം വിജയം നേടിയിട്ടുള്ള വിദ്യാലയങ്ങൾക്ക് സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ചേർപ്പ് ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ തുടർച്ചയായി ഉയർന്ന വിജയം നേടുന്നത് കണക്കിലെടുത്ത് സ്കൂളിന്റെ വികസനത്തിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കട്ടേല, തിരുവനന്തപുരം.

2. ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർക്കോട്, വയനാട് .

3. ടാഗോർ വിദ്യാനികേതൻ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ തളിപറമ്പ്, കണ്ണൂർ .

4. ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, മടപ്പള്ളി, കോഴിക്കോട്.

5. ഗവൺമെന്റ് ഹൈസ്കൂൾ ചേർപ്പ്, ചാവക്കാട് തൃശ്ശൂർ.

6. ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കടയിരിപ്പ് ആലുവ, എറണാകുളം.

കൂടാതെ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് എച്ച്.എസ്. മോഡൽ എച്ച്.എസ്. എന്നീ വിദ്യാലയങ്ങൾ 500 ലധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി ഉന്നത വിജയശതമാനം നേടിയ സ്കൂളുകളുടെ പട്ടികയിൽ വരുന്നു.

(ബി) 100% വിജയം നേടിയിട്ടുള്ള വിദ്യാലയങ്ങൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുന്നില്ല. എന്നാൽ ഏറ്റവും ഉയർന്ന വിജയശതമാനം നേടുന്ന സ്കൂളിനെ തെരഞ്ഞെടുത്ത് പ്രത്യേകമായി അവാർഡുകളും സമ്മാനങ്ങളും നൽകുന്നുണ്ട്.

(സി) വിജയശതമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ വികസനത്തിന് ഗവൺമെന്റ് പ്രത്യേക ഫണ്ട് അനുവദിക്കാറില്ല.

17 (161) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി 4-ാം ക്ലാസ് വരെ വിദ്യാഭ്യാസം നടത്തുന്ന വിദ്യാലയങ്ങൾ ഉണ്ടെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിശീലനം ലഭിക്കാത്ത അദ്ധ്യാപകരാൽ നടത്തുന്ന ഇത്തരം വിദ്യാലയങ്ങളുടെമേൽ എന്തെങ്കിലും നിയന്ത്രണനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

18 (162) സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly